(സി) കുടുംബനാഥന്റെയും തൊഴിലെടുക്കുന്ന മറ്റു കുടുംബാംഗങ്ങളുടെയും അമിത മദ്യപാനം വരുത്തിവയ്ക്കുന്ന രോഗത്തിന് ചികിത്സിക്കാൻ കിടപ്പാടം പോലും നഷ്ടപ്പെടുത്തി ദുരിതമനുഭവിക്കുന്ന കുടുംബങ്ങളുടെ ദയനീയ സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) അത്തരക്കാരുടെ തുടർ ചികിത്സയ്ക്കും, പുനരധിവാസത്തിനും മദ്യവിൽപ്പനയിൽ നിന്നുള്ള ആദായം വിനിയോഗിക്കുമോ ; അതിനുള്ള വിശദമായ പദ്ധതി തയ്യാറാക്കി നടപ്പാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മദ്യവിപത്തിനെതിരെ സംസ്ഥാനത്തുടനീളം ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. കൂടാതെ ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

(ബി) ഇല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) അമിത മദ്യപാനംമൂലം മദ്യത്തിനടിമകളായവരുടെ ചികിത്സയ്ക്ക്, ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ലഹരി മോചന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ കെ.എസ്.ബി.സി.-യിൽ നിന്നും 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മദ്യഷാപ്പുകളുടെ പ്രവർത്തനം

93 (1058) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മദ്യഷാപ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വിശദമായി ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ 10 വർഷം സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മുഖേന വിറ്റഴിച്ച മദ്യത്തിന്റെ കണക്കും ലഭിച്ച തുകയും വെളിപ്പെടുത്തുമോ ;

(സി) 2001-2006 വരെയുള്ള യു.ഡി.എഫ് ഭരണകാലത്ത് എത്ര മദ്യഷാപ്പുകൾ അടച്ചുപൂട്ടിയിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) അക്കാലയളവിൽ അടച്ചുപൂട്ടിയ ഷാപ്പുകളിൽ എത്ര ഷാപ്പുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്നു പ്രവർത്തിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാർ. കളുംഷാപ്പ്, ബിവറേജസ് കോർപ്പറേഷൻ വിൽപ്പനകേന്ദ്രം എന്നിവ പുതുതായി അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5215 കള്ളുഷാപ്പുകളിൽ ഇപ്പോൾ 4412 കള്ളുഷാപ്പുകൾ, 674 ബാർ ഹോട്ടലുകൾ, 338 കെ.എസ്.ബി.സി. വില്പന ശാലകൾ, 46 കൺസ്യൂമർഫെഡ് വില്പനശാലകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 1610 കള്ളുഷാപ്പുകൾ അടച്ചു പൂട്ടുകയുണ്ടായി.

(ഡി) 1295 കള്ളുഷാപ്പുകൾ തുറന്നുപ്രവർത്തിപ്പിച്ചു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 144 ബാർ ഹോട്ടലുകൾ, 33 കെ.എസ്.ബി.സി. വില്പനശാലകൾ എന്നിവ പുതുതായി അനുവദിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് പുതിയ കള്ളുഷാപ്പുകളൊന്നും തന്നെ അനുവദിച്ചിട്ടില്ല.

സംസ്ഥാനത്തെ മദ്യവിൽപ്പന കേന്ദ്രങ്ങൾ

94 (1057) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് മൊത്തം എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇതിൽ കഴിഞ്ഞ നാലരവർഷത്തിനിടയിൽ അനുവദിച്ച ബാറുകൾ എത്ര ;

(ബി) കഴിഞ്ഞ നാലര വർഷത്തിനിടയിൽ ബിവറേജ് കോർപ്പറേഷന്റെ എത്ര ചില്ലറ വിൽപ്പനശാലകൾ പുതുതായി ആരംഭിച്ചു ;

(സി) ബിവറേജ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയ്ക്ക് ഇപ്പോൾ സംസ്ഥാനത്ത് എത്ര വീതം വിൽപ്പന കേന്ദ്രങ്ങളുണ്ട് ;

(ഡി) മദ്യ ഉപയോഗത്തിൽ സംസ്ഥാനം ഇപ്പോൾ രാജ്യത്ത് എത്രാമത്തെ സ്ഥാനത്താണ് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ മൊത്തം 676 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ നാലര വർഷത്തിനിടയിൽ 143 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ നാലര വർഷത്തിനിടയിൽ ബിവറേജസ് കോർപ്പറേഷൻ 33 ചില്ലറ വില്പന ശാലകൾ പുതുതായി ആരംഭിച്ചു.

(സി) ബിവറേജസ് കോർപ്പറേഷന് 338-ഉം, കൺസ്യൂമർ ഫെഡിന് 46-ഉം വിദേശ മദ്യ ചില്ലറ വില്പന ശാലകളുണ്ട്.

(ഡി) മറ്റ് സംസ്ഥാനങ്ങളിലെ മദ്യ ഉപഭോഗത്തിന്റെ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ തരതമ്യം സാധ്യമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.